(ബി) ആളുകൾ അധികമായി തിങ്ങിപ്പാർക്കുന്ന ടൌണുകളിൽ ഉള്ള റോഡുകൾ മുഴുവൻ ടാറിടുന്നതിനു് ഗവണ്മെൻറ് ശ്രദ്ധിക്കുമോ ;

(സി) ഇപ്രകാരം ടൌണുകളിലെ റോഡുകൾ ടാറിടുമ്പോൾ മുനിസിപ്പാലിറ്റികൾ കോൺട്രിബ്യൂഷൻ നൽകണമെന്നു് ഇപ്പോൾ വച്ചിരിക്കുന്ന വ്യവസ്ഥ മാറ്റുവാൻ ഗവണ്മെൻറിനു് ഭയമുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ : (എ) ഗതാഗതബാഹുല്യത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

(ബി) ശ്രദ്ധിക്കാം.

(സി) ഈ വ്യവസ്ഥ മാറ്റുവാൻ ഗവണ്മെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഗ്ലൂക്കോസ് ഫാക്ടറി

* 142. [25] ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിൽ മരച്ചീനി സ്റ്റാർച്ചിൽനിന്നു് ഗ്ലൂക്കോസ് ഉണ്ടാക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിച്ചു വേണ്ട നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മദ്ധ്യതിരുവിതാംകൂറിൽ മരച്ചീനി സ്റ്റാർച്ചിൽനിന്നു് ഗ്ലൂക്കോസ് ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു് ഗവണ്മെൻറ് ആഗ്രഹിക്കുന്നുണ്ടു്. എന്നാൽ അതിനെപ്പറ്റിയുള്ള ആലോചനകൾ നടത്തിയിട്ടുള്ളതു് ഒരു വിദേശകമ്പനിയുമായിട്ടാണു്. അങ്ങിനെ ഒരു വിദേശകമ്പനിക്കു് അനുവാദം കൊടുക്കരുതെന്നു് പല ആക്ഷേപങ്ങളും അയച്ചിട്ടുള്ളതായി ഡൽഹിയിൽ പോയപ്പോൾ അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : ആരാണു് ആക്ഷേപം അയച്ചിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല കേന്ദ്രങ്ങളിൽനിന്നും ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : മദ്ധ്യതിരുവിതാംകൂറിൽ ഏതിടത്തെയാണു് ഇതു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവല്ലായിൽ.

ശ്രീ. പ്രാക്കുളം ഭാസി : ഒരു പാർലമെൻറ് മെമ്പർക്കു് ഈ വ്യവസായം നടത്തുന്നതിനാണു് ഇങ്ങനെ പരാതികൾ അയച്ചിട്ടുള്ളതെന്നു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയല്ല മനസ്സിലാക്കിയിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ തുടങ്ങാൻ ഇരിക്കുന്ന സ്റ്റീൽ കോംപ്ലക്സ് സംബന്ധിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ തള്ളിക്കളഞ്ഞതായി ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പള സമീകരണം

* 143. [27] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും, അലവൻസും സർക്കാർസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിനും അലവൻസിനും തുല്യമാക്കുന്നതാണെന്നും, 1955 ഏപ്രിൽ മാസം മുതൽ ഈ പരിഷ്കരിച്ച ശമ്പളവും, അലവൻസും അവർക്ക് ലഭിക്കുന്നതാണെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഉറപ്പു ഇതേവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ട്.

(ബി) അതിനെപ്പറ്റിയുള്ള ആർഡറുകൾ അടുത്തു വരുന്നതാണ്.

ശ്രീ. ടി. എ. മജീദ് : എപ്പോൾ ശമ്പളം കൊടുത്തുതുടങ്ങുമെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ആർഡറുകൾ വന്നാലുടൻ.

ശ്രീ. ടി. എ. മജീദ് : എപ്പോൾ ആർഡർ വരും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അടുത്ത്.

ശ്രീ. ടി. എ. മജീദ് ; അടുത്തെന്നുവച്ചാൽ എന്നാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ അകലെയല്ലാതെ.

ശ്രീ. ടി. എ. മജീദ് : രണ്ടുമൂന്നു മാസങ്ങൾക്കകം വരുമോ, രണ്ടുമൂന്നു വർഷങ്ങളാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടുമൂന്നു വർഷം ആകുകയില്ല.

ശ്രീ. ടി. എ. മജീദ് : ഈ കാലതാമസത്തിനു കാരണം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വിഷയത്തെപ്പറ്റി ഇൻഡ്യാഗവണ്മെൻറിലെ എഡ്യൂക്കേഷൻ മിനിസ്ട്രിയോടും പ്ലാനിംഗ് കമ്മീഷനോടും, ചർച്ചകളും എഴുത്തുകുത്തുകളും നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എഡ്യൂക്കേഷൻ മിനിസ്ട്രിയിൽ നിന്നു സാമ്പത്തികസഹായം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. അപ്പോൾ നമ്മൾ പുറപ്പെടുവിക്കുന്ന ആർഡർ അവരുടെ സാമ്പത്തികസഹായം കിട്ടത്തക്കവിധത്തിൽ ആയിരുന്നാൽ രാജ്യത്തിനു കൂടുതൽ ഗുണമുണ്ടെന്നു വിചാരിച്ച് അൽപ്പം താമസംവന്നുപോകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly